# ദേവീഗ്രാമത്തിലെ സ്വപ്നജീവികൾ

**തന്റേതായ ഇടംതേടുന്ന സ്ത്രീകളുടെ സ്വപ്നസ്ഥലിയായാണ് ചന്ദ്രമതിയുടെ ദേവീഗ്രാമം നിലകൊള്ളുന്നത്. ബഹുസ്വരമായ ആ കഥാപ്രപഞ്ചത്തെക്കുറിച്ച്**

ഡോ. ഹേമമാലിനി എം.

പെണ്ണെഴുത്ത് എന്ന ആശയത്തേയും ആദർശത്തേയും സാങ്കേതികതയേയും നിരാകരിക്കുന്ന ചന്ദ്രമതിയുടെ രചനകളിൽ സ്ത്രൈണ ഭാഷയോ അത്തരം ഒരു ഭാഷയുടെ പ്രതിഫലനങ്ങളോ പ്രതീക്ഷിക്കുകവയ്യ. എന്നാൽ, ഇവരുടെ കഥയെഴുത്തിന്റെ കാലത്തിലുടനീളം പെൺമയുടെ അന്വേഷണങ്ങൾ ചിതറിക്കിടക്കുന്നുണ്ട്. വ്യത്യസ്തങ്ങളായ ഭൂമികകളിൽ- സ്ഥലത്തിന്റെയും കാലത്തിന്റെയും- നടത്തുന്ന അന്വേഷണങ്ങളിൽ ഉരുത്തിയിരുന്ന നിലപാടുകൾ ആശയത്തിലൂടെ മാത്രമല്ല ഭാഷയിലൂടെയും ശൈലിയിലൂടെയും സംവേദനം ചെയ്യുന്നു. അഥവാ കഥയിലെ കഥയെ സത്യസന്ധമായി പൂരിപ്പിക്കുന്നതിനു അതതു കഥകളിൽ സ്വീകരിച്ചിരിക്കുന്ന കഥനരീതിയെ എഴുത്തുകാരി ഉപകരണമാക്കുന്നുണ്ട്.

തന്റെ കഥയിലെ സന്ദർഭങ്ങളോടും കഥാപാത്രങ്ങളോടും ലയപ്പെട്ടും ലീനപ്പെട്ടും കഥയിലുൾച്ചേർന്ന് ഋജുവായി പറഞ്ഞുപോകുക, ഇതിനോടെല്ലാം അന്യമായിനിന്നു വാർത്താക്കുറിപ്പുകളുടെ നിസ്സംഗതയിൽ പറഞ്ഞു തീർക്കുക എന്നിങ്ങനെ പല ആഖ്യാനരീതികൾ ചന്ദ്രമതി പിന്തുടരുന്നു. കറുത്തതും വെളുത്തതുമായ ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടികളും പലയിടങ്ങളിലുമുണ്ട്.

നഗരപ്രദക്ഷിണം ഓട്ടപ്രദക്ഷിണമാകുമ്പോൾ ഓടിയെത്താത്തവരെ പുറന്തള്ളുക എന്നതാണ് നഗരസംസ്കൃതിയുടെ ബാലപാഠം. ഈ നഗരപാഠത്തിന്റെ ഭീഷണത കഥനരീതികൊണ്ട് ബോധ്യപ്പെടുത്തുകയാണ് 'ലഡ്ഡു', 'രാഘവൻ കർത്താവിന്റെ ഒത്തു തീർപ്പുകൾ' എന്നീ കഥകളിൽ. നഗരത്തിന്റെ പരിഹാസവും നിശ്ശൂന്യതയും നിസ്സംഗതയും കൊണ്ട് മുന്നോട്ടുപോകുന്ന 'ലഡ്ഡു'വിൽ ആമുഖക്കുറിപ്പ്, രാജപ്രസ്താവന എന്നിവയിലൂടെ വായനയിൽ താദാത്മ്യപ്പെട്ടുകൊണ്ട് സൃഷ്ടിക്കപ്പെട്ടേക്കാവുന്ന മൃദുലഭാവങ്ങളെ അകറ്റിനിർത്തുന്നു. ബോധാബോധങ്ങളിലൂടെ സഞ്ചരിക്കുന്ന വൃദ്ധനായ അച്ഛന്റെ അവസ്ഥകൾക്കനുസരിച്ച് കഥയിലും പരിഹാസ സങ്കടങ്ങൾ മാറി മാറി വരുന്നു.

വാർദ്ധക്യത്തിനു നേരെയുള്ള അവഗണനകൾക്കു അനുഭവങ്ങളുടെ തനിയാവർത്തനങ്ങൾ എന്ന ഭീഷണിയാണ് പതിവ് രീതി. എന്നാൽ, അവ കൂടി അപ്രസക്തമാകുമാറ്, അവഗണനയും നിരാസവും അതേ കാലത്തിൽ മറ്റൊരു തരത്തിൽ അനുഭവിക്കേണ്ടിവരിക എന്നതാണ് ഈ കഥയിലെ കഥാപാത്രത്തിനു അംഗീകരിക്കേണ്ട അപ്രിയ സത്യങ്ങൾ. അച്ഛനെന്ന-വാർദ്ധക്യമെന്ന-സൊല്ലയെ ഒഴിവാക്കി ആശ്വസിക്കാൻ ഒരു നൊടി പോലും ലഭിക്കാതെ അതേ ശ്വാസത്തിൽ "അവരാരും നിന്റെ അടിവയർ കാണേണ്ട" എന്നു ഗർഭിണിയായ ഭാര്യയെ ഒളിപ്പിച്ചുനിർത്തേണ്ട ഭയാശങ്കാകുലിതമായ കാലത്തിലാണ് ഇയാൾ നിൽക്കുന്നത്. അങ്ങനെ വരുമ്പോൾ ഈ കഥാപാത്രമോ, അയാൾ ഒഴിവാക്കിയ വൃദ്ധപിതാവോ, അയാൾ രക്ഷിക്കാൻ തത്രപ്പെടുന്ന പിറക്കാനിരിക്കുന്ന കുഞ്ഞോ, ആരാണ് ദയയും കരുണയും അർഹിക്കുന്നതെന്നുള്ള സംശയത്തിൽ ഇതിനോടൊന്നും ഒട്ടാതെ നിന്നു വിദൂഷകഭാഷ കടമെടുക്കുന്ന ഔചിത്യമാണ് കഥാകാരി തിരഞ്ഞെടുക്കുന്നത്. വാർദ്ധക്യത്തിലെ ഒറ്റപ്പെടലുകളെക്കുറിച്ചുള്ള ചിന്ത തന്നെയാണ് 'രാഘവൻ കർത്താവിന്റെ ഒത്തു തീർപ്പു'കളിലേയും പ്രമേയം. അനുഭവമല്ല, ഭാവിയിലെ ആശങ്കയാണ് പ്രസക്തമെന്നതുകൊണ്ട് അത്രതന്നെ ഭീഷണമല്ലാതെ പോകുന്ന ഈ ഇതിവൃത്തത്തിനു കുറേക്കൂടി ലാഘവമുള്ള ഹാസ്യത്തിന്റെ ചേരുവകൾ ചേർത്ത് വ്യത്യസ്തമായ രീതിയിലാണ് ഈ കഥ.

വിവാഹ, വിവാഹേതര ബന്ധങ്ങളിൽ വർത്തമാനകാലത്തിൽ സംഭവിക്കുന്ന വൈചിത്ര്യങ്ങളാണ് 'ജ്യോതി വിശ്വനാഥിന്റെ പോസ്റ്റ്മോഡേൺ കഥ', 'താങ്ങുചുരുളുകൾ', 'കലിയുഗസന്ധ്യ' എന്നീ കഥകളുടെ പ്രമേയം. ഇത്തരം വൈചിത്ര്യങ്ങളിലെത്തിച്ചേർന്ന് കഥാപാത്രങ്ങളുടെ നിലപാടുതറകൾ ഇവയിലെ ഭാഷ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. തീഷ്ണവും, ഹൃദ്യവും എന്നെല്ലാം തോന്നുന്ന, തോന്നിപ്പിക്കുന്ന ബന്ധങ്ങളുടെ പോലും നൈമിഷികത, വ്യർത്ഥത, അവയുടെ നഷ്ടങ്ങളിൽപ്പോലും പ്രകടിപ്പിക്കുന്ന നിസ്സംഗത ഇതെല്ലാം കഥനരീതിയിലും തുടരുന്നു. തിരക്കുകളിൽ സ്വയം നഷ്ടപ്പെടുമ്പോഴും ഭർത്താവിന്റെ ഇതരബന്ധങ്ങൾക്കു സാക്ഷിയാകേണ്ടിവരുമ്പോഴും, പൊട്ടിത്തെറികൾ തന്റെ തിരക്കുകൾക്കു വിഘാതമാകുമെന്നോർത്ത് പ്രതികരിക്കാതിരിക്കുന്ന ജ്യോതിയും, ആത്മഹത്യയിലേയ്ക്കു എത്തിച്ച ഒരു ബന്ധത്തിന്റെ പരിണതയിൽ വിദഗ്ദ്ധമായി കൈകഴുകി ശുദ്ധമാകുന്ന 'കലിയുഗസന്ധ്യ'യിലെ നായികയും വൈകാരികത കാലഹരണപ്പെട്ടുപോയ കാലത്തിന്റെ പ്രതിനിധികളാണ്. ഇന്നലെവരെയുണ്ടായിരുന്നതും ഇന്നുനിഷേധിക്കുന്നതുമായ ബന്ധങ്ങൾ, നഗരം പഴകിയതോ ചൂടാറിയതോ ആയ വാർത്തപോലെ തള്ളിക്കളയുന്നവയാണെന്ന് ഈ കഥകളിൽ അനുവർത്തിച്ചിരിക്കുന്ന വാർത്താവതരണ രീതിക്കു സമാനമായ ശൈലികൊണ്ട് കഥാകാരി കൃത്യമായി രേഖപ്പെടുത്തുന്നു.

## കറുത്ത ഹാസ്യത്തോടെ ജീവിതമെഴുതുമ്പോൾ

ആക്ഷേപഹാസ്യം വിദഗ്ദ്ധമായി ഉപയോഗിച്ചിരിക്കുന്ന കഥയാണ് 'ശ്രീകൃഷ്ണ'. എന്നാൽ, സദാ പേടിപ്പെടുത്തുന്ന വാർത്തകളും അറിവുകളുമായി എത്തുന്ന പെൺകുഞ്ഞുങ്ങളുടെ അരക്ഷിതത്വം- അവയെക്കുറിച്ചുള്ള ഭീതിയും ആശങ്കകളും പോലും ഇന്നത്തെ കാലത്ത് നിലനിൽക്കുന്നില്ലെന്ന കറുത്ത ഹാസ്യമാണ് 'ശൈശവം' എന്ന കഥയിലുള്ളത്.



ചന്ദ്രമതി

ഡയറിക്കുറിപ്പുകളിലൂടെ ഊർന്ന് വീഴുന്ന കഥയാണ് 'അഞ്ചാമന്റെ വരവ്.' ഭാര്യയും അമ്മയും മരുമകളുമെല്ലാമായ സാവിത്രി എന്ന സ്ത്രീയുടെ നേർക്കുള്ള പല പല നോട്ടങ്ങൾ. അവജ്ഞ എന്ന സ്ഥായിഭാവം ഉണ്ടെന്നുള്ളതാണ് അവൾ നേരിടുന്ന സകലവിധ നോട്ടങ്ങൾക്കുമുള്ള സമാനത. ഇങ്ങനെയുള്ള നോട്ടങ്ങൾ നേരിട്ടിട്ടുള്ള നീണ്ട ചരിത്രം അവയ്ക്കു നേരെ നിസ്സംഗമായിരിക്കാൻ സാവിത്രിയെ പ്രാപ്തയാക്കിയിട്ടുണ്ട്. ഈ നിസ്സംഗത പക്ഷേ, വാക്കുകളിലൂടെയോ പ്രവർത്തികളിലൂടെയോ പ്രത്യക്ഷമാകുന്നില്ല. ആത്മഹത്യയ്ക്കായി ഇറങ്ങിപ്പോകുന്നതിനു മുൻപ് ഭർത്താവിനോട് കുളിച്ചുവരിക നമുക്കിന്നു ഒരുമിച്ച് പ്രാതൽ കഴിക്കാം എന്നു ഇടറിയ സ്വരത്തിൽ പറയുമ്പോൾ സാവിത്രിയുടെ മരവിച്ചുപോകാത്ത മനസ്സ് നാം കാണുന്നു. പക്ഷേ, ഭർത്താവിന്റെ തന്നോടുള്ള വിപത്രിപത്തിയിൽ ശാന്തതയാർന്നും, ഇതരസ്ത്രീകളോടുള്ള ഭർത്താവിന്റെ ചിരികൾക്കു സാക്ഷിയാകേണ്ടി വരുമ്പോൾ പിൻമടങ്ങിയും സാവിത്രി അവശേഷിച്ചിരുന്ന വൈകാരികതയ്ക്കുമേൽ നിഴൽമറയിടുന്നു. ഇവിടെയെത്തുമ്പോൾ കഥ പറച്ചിൽ, സാവിത്രിയുടെ മനസ്സിന്റെ സഞ്ചാരങ്ങൾക്കു നേരെയുള്ള ചൂണ്ടുപലകകളാണ്. ഒറ്റനോട്ടത്തിൽ ഒരു പുരം തന്നെ എരിയിച്ച പൂർവ്വസുരി മാതൃകകൾക്കു ഹാസ്യാത്മകമായ പിൻതുടർച്ചപോലെ കഥാവസാനത്തിൽ സാവിത്രിയുടെ അടക്കിവച്ച വീർപ്പുകൾ തീവണ്ടി മറിച്ചിടുന്ന ചുഴലിക്കാറ്റായി മാറുന്നു. സഹനത്തിന്റെ പാരമ്യത്തിലെടുത്ത ആത്മഹത്യ എന്ന തീരുമാനവും നടക്കാതെ പോകുമ്പോഴുണ്ടാകുന്ന ദൈന്യതയിൽ ഒടുങ്ങുന്ന കഥയുടെ പതിവു സമാപ്തി രീതികൾ തെറ്റിച്ച് തീവണ്ടി മറിഞ്ഞു വീഴുക എന്ന മറ്റൊരു ദിശയിലേയ്ക്കു കഥ വഴിമാറുമ്പോൾ, കഥയുടെ അവിശ്വസനീയതയ്ക്കു സാധുകരണമായി ഹാസ്യം അരങ്ങേറുന്നു. മാതൃസഹജമായ ആർദ്രതകൾ പോലും കടന്നുവരാത്ത ഒരു കഥാപാത്രമെന്ന നിലയിൽ സാവിത്രിയെ പരിചയപ്പെടുത്തുമ്പോഴും പിൻതുടരുമ്പോഴും അതുകൊണ്ട് കഥാകാരി, കണ്ടെടുത്ത ഏതോ ഡയറിക്കുറുപ്പ് ആകസ്മികമായി വായിക്കുന്ന നിർമ്മമതയോടെയാണ് കഥ മുന്നോട്ടു കൊണ്ടുപോകുന്നത്.

'അമലയുടെ മോചനത്തിലെ' അമല ഒരുപാടു പേരുടെ കാഴ്ചപ്പാടുകളിലൂടെ ഉരുവപ്പെടുത്തിയെടുക്കാൻ നിർബന്ധിക്കപ്പെടുന്ന സ്വന്തം ജീവിതത്തിന്റെ അനിശ്ചിതത്വത്തിൽ നിൽക്കുന്നവളാണ്. അമല എത്തിച്ചേരണ്ട തീരുമാനത്തെക്കുറിച്ച് വാചാലരാകുന്ന സുഹൃത്തിന്റേയും, അച്ഛന്റേയും, അമ്മയുടേയും കുടുംബസുഹൃത്തിന്റേയും, മകന്റേയും വാദഗതികൾ സമാനമാണ്. അവരെല്ലാം ഓർമ്മിപ്പിക്കുന്നതു ഏകദിശാനിഷ്ഠമായ പൊരുത്തപ്പെടലുകളെയാണ്. വിശ്വാസ്യതയും ഏകപത്നീവ്രതവും സ്ത്രീമാത്രം ദീക്ഷിക്കേണ്ടതാണെന്ന സമൂഹത്തിന്റെ നിലപാടുകളെ ദൃഢപ്പെടുത്തുന്ന ഈ വാദങ്ങളുടെ അവസാനത്തിലാണ് അമല സംസാരിക്കുന്നത്. നഗരജീവിതവും ഉയർന്ന ഉദ്യോഗ തിരക്കുകളും മര്യാദകളും ചൂഴ്ന്നു നിൽക്കുമ്പോഴും പരമ്പരാഗത വിവാഹബന്ധ വിശ്വാസങ്ങളെ അതേ പവിത്രതയോടെ മനസ്സിൽ സൂക്ഷിക്കുന്നവളാണ് അമല. അതേ വിശ്വാസ്യത തിരിച്ചും പ്രതീക്ഷിക്കുന്ന അവൾ, അതെന്തുകൊണ്ട് മറ്റുള്ളവർ നിസ്സാരമാക്കിക്കളയുന്നു എന്നു അദ്ഭുതപ്പെടുകയാണ്. സ്ത്രീസ്വത്വസ്വാതന്ത്ര്യാന്വേഷണങ്ങൾ കടന്നുവരുന്നതുകൊണ്ട് മൂർച്ചയേറിയ വാദങ്ങൾക്കും വാക്കുകൾക്കും ഏറെ സാധ്യതകൾ ഇതിലുണ്ട്. പക്ഷേ, അമല വിവാഹബന്ധത്തേക്കുറിച്ച് കാൽപനികവും ഗൃഹാതുരവുമായ ചിന്തകളാണ് മനസ്സിൽ സൂക്ഷിക്കുന്നതെന്നതിനാൽ, അമലയുടെ ആത്മഭാഷണങ്ങളിലൂടെയും പുരോഗമിക്കുന്ന കഥയിൽ അവയെല്ലാം ഒഴിവാക്കിയിരിക്കുന്നു. അമലയുടെ ജീവിതത്തിൽ സത്യസന്ധമായി ഏറെ ആകാംക്ഷകളുള്ളവരുടെ വ്യാകുലസ്വരഘടനയാണ് കഥയിലുടനീളം നിബന്ധിച്ചിരിക്കുന്നത്. തിരക്കുകളിൽ കൈവിട്ടു പോകുന്ന ജീവിതത്തെക്കുറിച്ച് അമലയ്ക്കുള്ള ആകുലതകൾ അങ്ങനെ കഥയിലുടനീളം വ്യാപരിക്കുന്നു.

## വൈകാരിക വിജൃംഭണങ്ങൾ

സ്ഫോടനാത്മകമായ വൈകാരിക വിജൃംഭണങ്ങൾക്കു ഏറ്റവും ശക്തമായ മാധ്യമം ആത്മഭാഷണങ്ങളാണ്. സമാനഹൃദയരുടെ പ്രത്യക്ഷമായ അസാന്നിധ്യങ്ങൾ പ്രൗഢഗംഭീരങ്ങളായ കഥാപാത്രങ്ങളുടേയും കഥാസന്ദർഭങ്ങളുടേയും സൃഷ്ടി ആത്മഭാഷണത്തിലൂടെ സാധിച്ചിട്ടുണ്ട്. ആൾക്കൂട്ടത്തിനു നടുവിൽനിന്നു നടത്തുന്ന ആത്മഭാഷണങ്ങൾ മനോവിഭ്രമങ്ങളുടെ പ്രത്യക്ഷീകരണങ്ങളായിട്ടാണ് സാധാരണ വായിക്കപ്പെടുന്നത്. തന്റെ കഥാപാത്രത്തിന്റെ അത്തരത്തിൽ വായിക്കപ്പെടാവുന്ന ഉന്മാദത്തിന്റെ കാര്യകാരണങ്ങൾ വിശദീകരിക്കാൻ "സ്നേഹലതയുടെ സുഹൃത്ത് എന്ന കഥയിൽ കഥാകൃത്ത് ശ്രമിക്കുന്നതുകാണാം. മുൻപുണ്ടായിരുന്ന എല്ലാ ആശയാദർശങ്ങളോടും വിട പറഞ്ഞ് ജീവിതത്തിൽ വളരെ പ്രാവർത്തികബുദ്ധിയോടെ ജയിച്ചു മുന്നേറുന്ന ഭർത്താവിനോട് സഹകരിക്കാൻ, അയാളുടെ മാറ്റങ്ങൾക്കു ക്ഷമ നൽകാൻ തയ്യാറാകാത്ത ഒരു സ്ത്രീയാണ് ഇതിലെ ലത. പൊതുധാരാ സമൂഹത്തിന്റെ താല്പര്യങ്ങൾക്കും സങ്കല്പങ്ങൾക്കും വിരുദ്ധമാണ് ഇത്തരം സ്ത്രീ മനസ്സുകൾ. നിഷേധ്യമായ ഇത്തരം വഴികളിലൂടെ സഞ്ചരിക്കുന്ന സ്ത്രീ മനസ്സുകളെ വിഭ്രാന്തമെന്നു മാത്രമെ സമൂഹം

മുദ്രകുത്തു. സമൂഹത്തിന്റെ ഇത്തരം തീർപ്പുകളോട് ചേർന്ന് നിൽക്കാനാകാത്തതുകൊണ്ട് ഒരു കഥപറച്ചിലിന്റെ രൂപഘടനയിൽനിന്നു കഥാകാരിതെന്നിമാറുന്നു. കഥ പറച്ചിൽ അകന്നു നിന്നുള്ള നിരീക്ഷണവും ആവശ്യമാണ്. ഇത്തരത്തിലുള്ള നിരീക്ഷണ പ്രക്രിയയിൽ ചിലപ്പോൾ സമൂഹത്തിന്റെ പൊതുഭാഷ്യത്തിന്റെ ചേരിയിൽ ഉൾപ്പെട്ടു പോകാനും സാധ്യതയുണ്ട്. ഇത്തരം ചേരികൂടലുകളെ ഒഴിവാക്കാനായി വിദഗ്ദ്ധമായി ഉപയോഗിച്ചിരിക്കുന്ന രചനാ രീതിയാണ് ഈ കഥയിലെ ലതയുടെ ആത്മഭാഷണങ്ങൾ.

ഇത്തരം വിവിധങ്ങളായ കൃത്രിമ സങ്കേതങ്ങളൊന്നുമില്ലാതെ സ്വതസിദ്ധമായി ഋജുവായി ചന്ദ്രമതി ചില കഥകൾ പറഞ്ഞു പോകുന്നുണ്ട്. 'ആര്യാവർത്തനം', 'ദേവീഗ്രാമം'. 'നിലത്തിൽപ്പോര്', 'രാവണൻകോട്ട്', 'മറുകുട്ടിലെ പക്ഷി' എന്നിവയെല്ലാം തന്നെ ഉദാഹരണമായി പറയാം. കഥാകാരിയുടെ സ്വത്വം വെളിപ്പെടുന്നതും, കഥാപാത്രങ്ങളുമായി കഥാകാരി ആത്മൈക്യപ്പെടുന്നതും ഈ കഥകളിലാണ്.

ധാരാളം സ്വപ്നങ്ങൾ കാണുന്നവരാണ് ചന്ദ്രമതിയുടെ സ്ത്രീകൾ. ഇങ്ങനെ സ്വപ്നങ്ങൾ കാണാനുള്ള കണ്ണുകളുള്ളതാണ് ഇവരുടെ ജീവിത പരാജയങ്ങൾക്കു കാരണം. വിവാഹശേഷം അടച്ചുകളയേണ്ടതായ, എന്നാൽ, അടച്ചുകളയാനാകാത്ത കണ്ണുകളുള്ള ഇവരെല്ലാവരും മനസ്സുകൊണ്ട് സദാ ദേവീഗ്രാമത്തിന്റെ വേരുകളെ എത്തിപ്പിടിക്കാൻ വെമ്പുന്നവരാണ്.

ദേവീഗ്രാമം എന്ന പേരും പരിസരവും ഈ കൂട്ടത്തിൽ രണ്ടുമൂന്നു കഥകളിലേ വരുന്നുള്ളൂ. എങ്കിലും ആ അന്തരീക്ഷ സൃഷ്ടി പല കഥകളിലും പശ്ചാത്തലമായോ ആധാരമായോ വരുന്നുണ്ട്. ജീവിതത്തിലെ പരിക്കുകളിലെല്ലാം സുഖശീതളമായ ഒരു ലേപനമാകുന്ന മുത്തശ്ശിയും സ്നേഹവും സംരക്ഷണവും സദാ അനുഗ്രഹവർഷമായി നൽകികൊണ്ടിരിക്കുന്ന അമ്മ ദൈവവും ചേർന്നു നൽകുന്ന ഒരു സമ്മിളിതാനുഭവമാണ് ദേവീഗ്രാമം.

## ഗതകാലപ്രൗഢികൾ, വർത്തമാനക്കെടുതികൾ

**സ്ത്രീ** എന്ന പദവിയുടെ ഭൂതകാലപ്രഭാവവും വർത്തമാനകാലക്കെടുതികളും ഒരു മിത്തുപോലെ മനസ്സിൽ സൂക്ഷിച്ച്, ഗതകാല പ്രൗഢികൾ കൊച്ചുമകൾക്കു മുത്തശ്ശിയുടെ പേരിട്ടുകൊണ്ട് തിരിച്ചെടുക്കാമെന്ന വ്യാമോഹവും, ആ വ്യാമോഹങ്ങളുടെ നിരാശാപൂർണ്ണങ്ങളായ പരിണിതഫലങ്ങളുമാണ് ആര്യാവർത്തനത്തിൽ. ചിത്രത്തിലെ പ്രൗഢമായ മുതുമുത്തശ്ശിയോട് സ്നേഹ സങ്കടങ്ങളുമുള്ള ആര്യയ്ക്കു പക്ഷേ, ഒരിക്കലും തന്റെ സ്വന്തം അമ്മയെ ഇഷ്ടപ്പെടാനാകുന്നില്ല. അച്ഛനെ തനിക്കു നഷ്ടപ്പെടുത്തിയതിനു അമ്മയ്ക്കു മാപ്പു കൊടുക്കാനും കഴിഞ്ഞിട്ടില്ല. അതിനു പകരമായി അച്ഛന്റെയടുത്ത് അമ്മയ്ക്കു പകരക്കാരിയായി വന്ന, അമ്മ എന്നും ഉറഞ്ഞു തുള്ളി ശപിക്കുന്ന, ആ സ്ത്രീയെ നിഗൂഢമായി ആരാധിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ ഗർഭപാത്രത്തിൽ പിറന്നില്ലല്ലോ എന്നു സങ്കടപ്പെടുന്നുമുണ്ട്.

ഇതേ സന്ദർഭം 'മറുകുട്ടിലെ പക്ഷി' യിലും ആവർത്തിക്കുന്നു. അനാവശ്യമായി ശബ്ദമുയർത്തി ഗൃഹാന്തരീക്ഷം നിരന്തരം കലുഷമാക്കി തീർക്കുന്ന അമ്മ എന്നും ശാപവാക്കുകളോടെ മാത്രം ഉച്ചരിക്കുന്ന സ്ത്രീയുടെ വീട്ടിലെത്തിയപ്പോൾ മകൻ അനുഭവിക്കുന്ന പ്രശാന്തതയാണ് ഈ കഥയിലേയും ഇതിവൃത്തം.

ബന്ധങ്ങളെ ഊഷ്മളവും സാർത്ഥകവുമാക്കുന്നതു ദാമ്പത്യം തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങളല്ല എന്നു ഈ കഥകളിലൂടെ കഥാകാരി ഉറപ്പാക്കുന്നു. പരസ്പരം മാനിക്കപ്പെടാത്ത തിരിച്ചറിയാത്ത സ്നേഹം സാധുവാകുന്നില്ല. ഈ രീതിയിൽ അസാധുവായിത്തീരുന്ന സ്നേഹങ്ങളുടെ ഉത്തരവാദികൾ മാപ്പർഹിക്കുന്നുമില്ല. സ്നേഹത്തിന്റെ തിരിച്ചറിവിലാണ് സ്ത്രീസ്വത്വം നിർണ്ണയിക്കപ്പെടുന്നത്. വിലോമമായ പ്രവൃത്തികളിലൂടെ ജീവിതം ആരോടൊക്കെയോ ഉള്ള വാശി തീർക്കലായി മാറ്റുന്നവരുടെ ദുരന്തങ്ങളിൽ സഹതാപമല്ല, സ്നേഹം എന്ന സ്ത്രീസ്വത്വനിഷേധം നടത്തുന്നതിനുള്ള പ്രതിഷേധമാണ് ഈ കഥകളിൽ കാണാനാകുക. സ്ത്രീയെ സ്നേഹത്തിലൂടെ നിർവ്വചിക്കാനോ കണ്ടെത്താനോ ഉള്ള ശ്രമമായി ഈ കഥകളെ വിലയിരുത്താം.

ജീവിതത്തിലുടനീളം ഒപ്പം നിൽക്കുന്ന സ്നേഹമായി കഥാകാരി കരുതുന്നതു മുത്തശ്ശിയുടെ സ്നേഹമാണ്. ആ സ്നേഹത്തിന്റെ കഥകളിൽ ഭാഷ നിസ്സർഗ്ഗ സുന്ദരമാകുന്നു. നഗരത്തിലെ ശീതസമരങ്ങളിൽനിന്നു മുത്തശ്ശിയുടെ സ്നേഹം പൂത്തുനിൽക്കുന്ന ദേവീഗ്രാമത്തിലേയ്ക്കു അല്ലെങ്കിൽ അതുപോലുള്ള ഇടങ്ങളിലേക്കു മനസ്സുകൊണ്ടും അല്ലാതെയും തിരിച്ചു നടക്കുന്നവരാണ്. 'നിലത്തിൽപ്പോരി'ലും 'രാവണൻ കോട്ട്'യിലും ബാല്യത്തിൽ നഗരത്തിൽനിന്നു ദേവീഗ്രാമത്തിലേയ്ക്കു കൗതുകത്തോടെ വരുന്ന പെൺകുട്ടി യൗവനത്തിൽ ആകുലതയോടെ അവസാനത്തെ ആലംബമായിട്ടാണ് ഇവിടേയ്ക്കെത്തുന്നത്. അവിടെയെത്തിയാൽ ബന്ധങ്ങളിലെ വിള്ളലുകളെല്ലാം നികത്തപ്പെടും എന്ന ശുഭാപ്തി വിശ്വാസവുമുണ്ട്. ഈ വിശ്വാസത്തിന്റെ തെളിഞ്ഞ ഭാഷയാണ് ഈ കഥകളിലുള്ളത്. മുത്തശ്ശിയോട് ഗ്രാമത്തിനോട് മനസ്സിൽ സൂക്ഷിക്കുന്ന സ്നേഹത്തിന്റെ ഒഴുക്കും ആഴവും കഥാഘടനയിലുണ്ട്.

എന്നാൽ, ഈ ശുഭാപ്തി വിശ്വാസം കൂടി നഷ്ടമാകുന്ന കഥാപാത്രമാണ് 'രാവണൻകോട്ട്'യിൽ. മടിയിൽ കിടത്തി നിലാവും പൂവും വിടാതെ നിൽക്കുന്ന കണ്ണീരില്ലാത്ത ലോകത്തെ കാട്ടിത്തരുന്ന മുത്തശ്ശിയുടെ ലോകത്ത് സ്ഥിരമായി നിൽക്കാനാണ് ഷീല ആഗ്രഹിക്കുന്നത്. അത് സാധ്യമല്ലെന്നു വിധിക്കുന്ന മനശ്ശാസ്ത്രജ്ഞ അവളോടു പറയുന്നതു പോകാനൊരിടമില്ലെങ്കിൽ തീയുമായി പൊരുത്തപ്പെട്ടുകൊള്ളും എന്നാണ്. ആ നിസ്സഹായതയിൽ കഥ അവസാനിക്കുമ്പോൾ, രാജകുമാരന്റെ കഥ മകൾക്കു പറഞ്ഞുകൊടുക്കുന്നതും അപൂർണ്ണമായി നിർത്താൻ അവർ നിർബന്ധിതയാകയാണ്.

നഗരവൽക്കരണത്തിന്റെ നിത്യമുദ്രകൾ മാറ്റത്തിന്റെ ഗതിവേഗങ്ങളും മരവിപ്പുമാണ്. കഥാപാത്രങ്ങൾക്കു രണ്ടു തിരഞ്ഞെടുപ്പുകളാകാം– അലിഞ്ഞു ചേരലും രക്ഷപ്പെടലും. അലിഞ്ഞു ചേർന്നവരുടെ കഥകളിൽ അതേ ശീതസമരവും നിസ്സംഗതയും ഭാഷയിൽ ആഖ്യാനത്തിന്റെ പുതുരീതികൾ പരീക്ഷിക്കപ്പെടുമ്പോൾ, നഗരത്തിൽനിന്നും ദേവീഗ്രാമത്തിലേയ്ക്കു മനസ്സുകൊണ്ടെങ്കിലും പലായനം ചെയ്യുന്നവരെ മെനഞ്ഞെടുക്കാനും അവതരിപ്പിക്കാനും അവരുമായി പൊരുത്തപ്പെട്ടു പോകുന്ന, ആത്മാംശം സന്നിവേശിപ്പിച്ചതെന്നു തോന്നിപ്പിക്കുന്ന ഭാഷയും രീതിയും ചന്ദ്രമതി ഉപയോഗിക്കുന്നു. ഭാഷയുടെ ഈ ബഹുസ്വരതയാണ് ചന്ദ്രമതിയെ സമകാലിക കഥാകാരികളിൽനിന്നും വ്യതിരിക്തമാക്കുന്നത്. ■